"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) - കൊച്ചി ബോൾഗാട്ടി പാലസിലെ ഇവന്റ് സെന്റർ, ഇന്റർനാഷണൽ മറീന എന്നിവയുടെ നവീകരണം- ചെയ്ത് തീർത്ത പണിയുടെ തുകയുടെ രണ്ടാം ഗഡു റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.240/2026/TSM തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-
1. 26.08.2024 ലെ G.O.(Rt)No.425/2024/TSM നമ്പർ ഉത്തരവ്
2. 20.11.2024 ലെ G.O.(Rt)No.669/2024/TSM നമ്പർ ഉത്തരവ്
3. 25.11.2025 ലെ G.O.(Rt)No.711/2025/TSM നമ്പർ ഉത്തരവ്
4. കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 02.12.2025 ലെ KTDC/ EW/Utilization/Ren/BPH/Acts/2025 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ടിലെ ഇവന്റ് സെന്റർ, ഇന്റർനാഷണൽ മറിന എന്നിവയുടെ നവീകരണത്തിനായി പരാമർശം (1) പ്രകാരം 2,50,00,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം ആയത് 2,00,00,000 രൂപയായി re allocate ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഭരണാനുമതി നൽകിയ 2,00,00,000 രൂപയിൽ നിന്നും ചെയ്ത് തീർത്ത പണിയുടെ തുകയായ 75,00,000 (എഴുപത്തി അഞ്ച് ലക്ഷം രൂപ) രൂപ , ഒന്നാം ഗ ുവായി, പരാമർശം (3) പ്രകാരം അനുവദിച്ചിരുന്നു.

2) പ്രസ്തുത പദ്ധതിക്കായി ഭരണാനുമതി നൽകിയ 2,00,00,000 രൂപയിൽ നിന്നും ചെയ്ത് തീർത്ത പണിയുടെ തുകയായ **1,13,62,746/- (ഒരു കോടി പതിമൂന്ന് ലക്ഷത്തി അറുപത്തിരണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപ)** രൂപ രണ്ടാം ഗഡുവായി 5452-01-190-99- Kerala Tourism Development Corporation Ltd(Plan) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്തു

നൽകണമെന്ന് കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ടിലെ ഇവന്റ് സെന്റർ, ഇന്റർനാഷണൽ മറീന എന്നിവയുടെ നവീകരണത്തിനായി ചെലവഴിച്ച തുകയായ **1,13,62,746/- (ഒരു കോടി പതിമൂന്ന് ലക്ഷത്തി അറുപത്തിരണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപ)** രൂപ, രണ്ടാം ഗഡുവായി **5452-01-190-99- Kerala Tourism Development Corporation Ltd(Plan)** എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്തു നൽകുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

*1) 16/04/2018-ലെ സ.ഉ (പി) 62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ **PSTSB** അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.*

*2) 09/12/08-ലെ സർക്കുലർ നം.84/2008/ധന-ലെയും, 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും, 11.09.2020 ലെ സ.ഉ(കൈ)93/2020/നം.ധന ഉത്തരവിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.*

*3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ ( കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.*

*4)വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.*

4.വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി, 2026-27 വർഷത്തേക്കുള്ള ശിപാർശകൾ സമർപ്പിക്കുമ്പോൾ ₹1,13,62,746/- റിലീസ് ചെയ്തതിനു ശേഷമുള്ള ബജറ്റ് വിഹിതത്തിന്റെ പരിധിക്കുള്ളിൽ മാത്രമായി പരിമിതപ്പെടുത്തുവാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രദ്ധ

ചെലുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 22.04.2026- ലെ 3475637/പി.യു-സി3/52/2026-ധന പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 05-05-2026 16:48:36

പകർപ്പ്: -
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്